**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2952** **14-02-2024 - ൽ മറുപടിയ്ക്ക്**

**കൊങ്കിണിഭാഷ സംസാരിക്കുന്ന ലാറ്റിൻ കത്തോലിക്ക വിഭാഗക്കാർക്കുള്ള ജാതി സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ താലൂക്കുകൾ, മഞ്ചേശ്വരം എന്നിവിടങ്ങളിൽ കൊങ്കിണിഭാഷ സംസാരിക്കുന്ന ലാറ്റിൻ കത്തോലിക്ക വിഭാഗക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കണമെന്ന വിഷയത്തിൽ എന്തെങ്കിലും തീരുമാനം കൈകൊണ്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | പ്രസ്തുത വിഷയം സംബന്ധിച്ചുള്ള കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ ഉപദേശം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | 4.11.2012-ലെ ജി.ഒ(ആർ.ടി) 133/2010/എസ്.സി ആന്റ് എസ്.ടി. ഉത്തരവ് പ്രകാരം ലാറ്റിൻ കത്തോലിക്ക ക്രൈസ്തവ വിഭാഗത്തിന് രൂപതാ ബിഷപ്പിന്റെ സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ ജാതി സർട്ടിഫിക്കറ്റ് നൽകാമെന്ന ഉത്തരവ് നിലവിലുണ്ടോ; വിശദാംശം നൽകാമോ; | (ബി) | 04.11.2010 ലെ സ.ഉ(എം.എസ്) നം.113/2010/ പജപവവിവ. പ്രകാരം, ജാതി സംഘടനകൾ നൽകുന്ന സർട്ടിഫിക്കറ്റുകളേയോ, മതപുരോഹിതൻ നൽകുന്ന സർട്ടിഫിക്കറ്റുകളേയോ പൂർണ്ണമായും ആശ്രയിക്കാതെ, അപേക്ഷകർ ഹാജരാക്കുന്ന രേഖകളുടേയും, വില്ലേജാഫീസർ നടത്തുന്ന പ്രാദേശിക അന്വേഷണത്തിന്റേയും അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടതാണ് എന്ന് ഉത്തരവായിട്ടുണ്ട്. |
| (സി) | ഈ ഉത്തരവ് കാസർഗോഡ് ജില്ലയിലും ബാധകമാക്കുന്നത് പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ; | (സി) | പ്രസ്തുത വിഷയം സംബന്ധിച്ചുള്ള കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ ഉപദേശം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | കാസർഗോഡ് ജില്ലയിൽ വർഷങ്ങളായി ഈ വിഭാഗത്തിലുള്ളവർ ഉന്നയിക്കുന്ന പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | പ്രസ്തുത വിഷയം സംബന്ധിച്ചുള്ള കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ ഉപദേശം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ